"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് നഗരസഭ - അനധികൃതമായി PMAY പദ്ധതി ആനുകൂല്യം നേടിയെടുത്തെന്ന പരാതി - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന - നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.860/2026/LSGD തീയതി,തിരുവനന്തപുരം, 06-04-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.11.2022 തീയതിയിലെ E12 (SC 25/2022/PKD) 3984/2022 നമ്പർ കത്ത്.
2. ശ്രീ. രഘുരാമന് നൽകിയ 22.05.2025 തീയതിയിലെ ഇയു4/279/2022-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. ശ്രീ. രഘുരാമൻ സമർപ്പിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.12.2025 തീയതിയിലെ LSGD/PD/36331/2023-VIGD1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് നഗരസഭ പരിധിയിൽ ശ്രീ. ഷാജഹാൻ, ശ്രീമതി.ഷർമിള ദമ്പതികൾ സ്വന്തമായി വീട്ടുള്ള കാര്യം മറച്ചുവെച്ച് അനധികൃതമായി PMAY പദ്ധതി ആനുകൂല്യം നേടിയെടുത്തു എന്ന പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 21.07.2022 തീയതിയിൽ മിന്നൽ പരിശോധന നടത്തുകയും പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ശ്രീമതി. ഷർമ്മിള ബാനു W/o ശ്രീ.ഷാജഹാൻ, ഹിദായത്ത് നഗർ, പൂളക്കാട്, നൂറണി പോസ്റ്റ്, പാലക്കാട് എന്നയാൾക്ക് പാലക്കാട് നഗരസഭ പരിധിയിൽതന്നെ വാസയോഗ്യമായ ഭവനം നിലനിൽക്കെ PMAY പദ്ധതിയിൽ ഉൾപ്പെടുത്തി മുനിസിപ്പാലിറ്റിതലത്തിൽ നടത്തേണ്ടതായുള്ള പ്രാഥമിക ഫീൽഡ്തല വെരിഫിക്കേഷൻ യാതൊന്നും തന്നെ നടത്താതെ DPR-7 ൽ 4 ലക്ഷം രൂപ അനധികൃതമായി സർക്കാർ ധനസഹായം പാലക്കാട് നഗരസഭയിൽ നിന്നും അനുവദിച്ചതായി മിന്നൽ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ടി ക്രമക്കേടിന് മുൻ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. രഘുരാമനെതിരെ വകുപ്പുതല അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. തുടർന്ന് ശ്രീ. രഘുരാമനിൽനിന്ന് വിശദീകരണം തേടിയതിൽ, ടിയാൾ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ, ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയുണ്ടായി.

കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ടിയാൻ സമർപ്പിച്ച പരാമർശം (3) പ്രതിവാദ പത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം ശ്രീ. രഘുരാമൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടിയാൾക്കെതിരെ, 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി KCS (CC&A) Rule ചട്ടത്തിലെ 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്നും കാണുന്നു.

4. ആയതിനാൽ അനധികൃതമായി PMAY പദ്ധതി ആനുകൂല്യം നേടിയെടുത്തെന്ന പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് നഗരസഭയിൽ നടത്തിയ മിന്നൽ പരിശോനയിൽ കണ്ടെത്തിയ ക്രമക്കേടിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. രഘുരാമന് എതിരെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാൾക്കെതിരായ ആരോപണങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡിഷണൽ ഡയറക്ടർ ശ്രീമതി.ദീപ.എൽ.എസ്-നെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു.

5. ശ്രീമതി.ദീപ.എൽ.എസ് ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി.ദീപ.എൽ.എസ്, അഡിഷണൽ ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ശ്രീ. രഘുരാമൻ, മുൻ സെക്രട്ടറി, പാലക്കാട് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/279/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 06-04-2026 14:36:03
സെക്ഷൻ ഓഫീസർ